പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2812

17.06.2019 ൽ മറുപടിയ്ക്ക്

## മരട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ചോദ്യം

ശ്രീ.എം. സ്വരാജ് :

ഉത്തരം

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരട് ഐ.ടി.ഐ. യ്ക്കായി പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിശദാംശം അറിയിക്കുമോ;<br><br>**(ബി)** ഇതിനായി എത്ര തുകയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | **(എ) & ( ബി)** മരട് ഐ.ടി.ഐയിൽ ആറ് ട്രേഡുകൾ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം ഗ്രൗണ്ട്ഫ്ലോർ ഉൾപ്പെടെ ആകെ നാല് നിലകളുള്ള കെട്ടിടമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഫൗണ്ടേഷൻ വർക്കിനായി 3.99 കോടി രൂപയുടെയും രണ്ടാം ഘട്ട നിർമ്മാണത്തിനായി 5.4 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I-ഉം II-ഉം ആയി ചേർത്തിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിൽ ആറ് ട്രേഡുകൾക്കുള്ള വർക്ക്ഷോപ്പ്, നാല് ക്ലാസ്സ്റൂമുകൾ, ഓഫീസ്, ഐ.ടി ലാബ്, സ്റ്റോർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| **(സി)** പ്രസ്തുത നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ; ? | **(സി)** പൊതുമരാമത്ത് ഡിസൈൻ വിങ് (തിരുവനന്തപുരം) ൽ നിന്നും അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പ്രമാണം -I

181

22275

# GOVERNMENT OF KERALA

**Abstract**

Industrial Training Department – Construction of new building at Government ITI, Maradu – Administrative Sanction Accorded - Orders issued.

---

**Labour & Skills(C) Department**

**G.O. (Rt) No. 914 /2015/LBR.** **Dated, Thiruvananthapuram 08.07.2015.**

Read: - 1) Letter No. E7/11908/2015(1) dated 02.06.2015 from the Director of Training, Thiruvananthapuram.

2) Minutes of the Departmental Working Group meeting held on 09.06.2015.

## ***ORDER***

As per the letter read above, the Director of Training has furnished a proposal, requesting to accord administrative sanction for Construction of new building at Government ITI, Maradu , at a total cost of ₹3.99 crore (Rupees Three crore and Ninety nine lakh only).

2) The proposal was placed before the Departmental Working Group meeting held on 09.06.2015 and was approved.

3) In the circumstances, Government are pleased to accord administrative sanction for the construction of new building at Government ITI, Maradu, at a total cost of ₹3.99 crore (Rupees Three crore and Ninety nine lakh only).

4) The expenditure in this regard will be met from the Head of Account 4202-02-800-95-Civil Works (P) 2015-16 .

(By Order of the Governor)
C. M. AJAYA MOHAN
Under Secretary to Government

To

The Director of Training, Thiruvananthapuram.
The Accountant General (Audit) (A&E)/(D.B. Cell), Kerala, Thiruvananthapuram.
The Finance Department.
The Planning & Economic Affairs Department.
The Information & Public Relations Department (for hosting in the website.)
The Stock File/Office Copy.

14/7/15

Forwarded/By Order,

Section Officer

14/7/15

അനുബന്ധം- II

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - മരട്, തിരുവമ്പാടി സർക്കാർ ഐ.ടി.ഐകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.107/2019/തൊഴില്** തീയതി,തിരുവനന്തപുരം, 25/01/2019

---

പരാമർശം:- 1) ട്രെയിനിംഗ് ഡയറക്ടറുടെ 14/12/2018 ലെ ഡി.റ്റി /40597/18/ഇ7 നമ്പർ കത്ത്

2) ട്രെയിനിംഗ് ഡയറക്ടറുടെ 15/12/2018 ലെ ഇ7/12455/2018 നമ്പർ കത്ത്.

3) 20/12/2018 ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട് സ്.

ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള മരട് സർക്കാർ ഐ.ടി.ഐ.യിലെ കെട്ടിട നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായും തിരുവമ്പാടി സർക്കാർ ഐ.ടി.ഐയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായും യഥാക്രമം 5,40,00,000 (അഞ്ചുകോടി നാല്പത് ലക്ഷം) രൂപയുടെയും, 6,75,00,000/- (ആറ് കോടി എഴുപത്തിയഞ്ച് ലക്ഷം) രൂപയുടെയും പ്രൊപ്പോസലുകൾ പരാമർശം - 1, 2 എന്നിവയിലെ കത്തുകൾ പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ഒപ്പം ടി പ്രൊപ്പോസലുകൾ അംഗീകരിച്ച് ഭരണാനുമതി നൽകണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവമ്പാടി സർക്കാർ ഐ.ടി.ഐയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 6.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയും സാങ്കേതികാനുമതി ലഭിക്കുന്നതിന് മുൻപായി പ്രൈസ് സോഫ്റ്റ് വെയറിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി മരട് സർക്കാർ ഐ.ടി.ഐയിലെ പുതിയ

കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 5.4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ഇനത്തിൽ വരുന്ന ചിലവ് 4202-02-105-85-സിവിൽ വർക്സ് (പ്ലാൻ) 2018-19 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മഞ്ജു.എസ്**

**അഡീഷണല് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, ഗവ.ഐ.റ്റി.ഐ, മരട്, എറണാകുളം

പ്രിൻസിപ്പാൾ, ഗവ.ഐ.റ്റി.ഐ, തിരുവമ്പാടി, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്. (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BINDUMOL THOMAS
Date: 2019.01.24 14:40:29 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

Bindu
സെക്ഷൻ ഓഫീസർ